## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 1921 — 19-06-2012-ൽ മറുപടിക്ക്

### കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് സഹായം

**ചോദ്യം** — **ഉത്തരം**

ശ്രീ. റ്റി.യു. കുരുവിള — ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ അഞ്ചു വർഷം എത്ര പേർ വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞു.; | (എ) | കഴിഞ്ഞ 5 വർഷങ്ങളിലായി (2007 മുതൽ 2011 വരെ) വൈദ്യുതി ബോർഡിന്റെ കീഴിൽ ജോലി ചെയ്യുമ്പോൾ വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞ കരാർ തൊഴിലാളികളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>വർഷം – എണ്ണം<br>2007 – 19<br>2008 – 10<br>2009 – 16<br>2010 – 16<br>2011 – 14 |
| (ബി) | ഇങ്ങനെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്തൊക്കെ സഹായങ്ങൾ നൽകി; | (ബി) | മരണപ്പെട്ട കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് , 1923ലെ തൊഴിലാളി നഷ്ട പരിഹാരനിയമം അനുസരിച്ച് നിയമാനുസൃതമായ രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 2,93,07,861/രൂപ (രണ്ട്കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി ഏഴായിരത്തി എണ്ണൂറ്റി അറുപത്തിയൊന്ന് രൂപ മാത്രം) ശവസംസ്കാര ചെലവ് ഉൾപ്പെടെ നഷ്ടപരിഹാരമായി നല്കിയിട്ടുണ്ട്. |

| വർഷം | എണ്ണം |
|---|---|
| 2007 | 19 |
| 2008 | 10 |
| 2009 | 16 |
| 2010 | 16 |
| 2011 | 14 |

| | | | |
|---|---|---|---|
| (സി) | **കരാർ തൊഴിലിൽ ഏർപ്പെട്ടിരിക്കെ മരണമടഞ്ഞ തൊഴിലാളികളുടെ കുടുംബങ്ങളിൽ ഒരാൾക്കു വീതം കെ.എസ്.ഇ.ബി.യിൽ ജോലി നൽകുന്ന കാര്യം പരിഗണിക്കുമോ;** | (സി) | വൈദ്യുതി ബോർഡിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ബോർഡിലെ സ്ഥിരം ജീവനക്കാരുടെ ആശ്രിതർക്കു മാത്രമേ ആശ്രിത നിയമനത്തിന് അർഹത ഉള്ളൂ. ആയതിനാൽ അപകട മരണം സംഭവിക്കുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് വൈദ്യുതി ബോർഡിൽ ജോലി നല്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയില്ല. |
| (ഡി) | **വൈദ്യുതാഘാതത്തിൽ മരണപ്പെടുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് ബോർഡ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?** | (ഡി) | വൈദ്യുതി മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടി പ്രസ്തുത മേഖലകളിൽ പണി എടുക്കുന്നവർക്ക് കൂടുതൽ ബോധവൽക്കരണ ക്ലാസ്സുകൾ നല്കിയും, സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം നിർബന്ധമാക്കിയും, സുരക്ഷാ പരിശോധനകൾ കർക്കശമാക്കിയുമുള്ള ഒരു സുരക്ഷാ പരിപാടി KSEB നടത്തി വരികയാണ്. കൂടാതെ പൊതു ജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്. വീടുകളിൽ വൈദ്യുതി മൂലമുള്ള അപകടങ്ങൾ തടയുന്നതിനായി എല്ലാ വീടുകളിലും ELCB (എർത്ത് സർക്യൂട്ട് ബ്രേക്കറുകൾ) നിർബന്ധമാക്കാനുള്ള നിയമ നടപടികളും പരിഗണനയിലാണ്.<br>അപകടങ്ങൾ ഒഴിവാക്കുന്നതിനായി വൈദ്യുതി ലൈനിൽ ജോലി ചെയ്യുന്നതിനു മുമ്പായി ലൈൻ ഓഫ് ആക്കിയെന്ന് ഉറപ്പു വരുത്തുകയും ലൈനുകളുടെ എർത്തിംഗ് കാര്യക്ഷമമായി നടത്തി എന്ന് ജോലികൾക്ക് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ ഉറപ്പാക്കുകയും ചെയ്യു |

| | | | |
|---|---|---|---|
| | | | ണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുക കരാർ പണികളിൽ ഏർപ്പെടുന്നത് ബോർഡ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാത്രമായിരിക്കുക ജീവനക്കാർക്കും തൊഴിലാളികൾക്കും സുരക്ഷാകാര്യങ്ങളിലും, സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ചും, വൈദ്യുതാഘാതമേറ്റാൽ നൽകേണ്ട പ്രഥമശുശ്രൂഷയെ സംബന്ധിച്ചും പരിശീലനം നൽകുക, സുരക്ഷാകാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കാൻ സേഫ്റ്റി കമ്മീഷണറെയും അദ്ദേഹത്തിൻെറ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സേഫ്റ്റി ഓഫീസർമാരേയും നിയമിക്കുക, എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ഡിവിഷൻ തലത്തിൽ സുരക്ഷാ കമ്മിറ്റികൾ മാസം തോറും കൂടി അപകടങ്ങളെ വിലയിരുത്തുകയും സുരക്ഷാ ക്രമീകരണങ്ങൾ ചിട്ടപ്പെടുത്തി അത്തരം അപകടങ്ങൾ ഭാവിയിൽ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ഓരോ ഇലക്ട്രിക്കൽ സെക്ഷനിലും ആവശ്യമായ എണ്ണം ഗുണമേന്മയുള്ള സുരക്ഷാ ഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. പ്രതിമാസ റിവ്യൂ മീറ്റിംഗിൽ ബോർഡിൻെറ പ്രതിഷ്ഠാപനങ്ങളിലും ഉപഭോക്താവിൻെറ പ്രിമിസസിലും നടന്ന വൈദ്യുത അപകടങ്ങളെ വിലയിരുത്തുകയും മേൽപ്പറഞ്ഞ സുരക്ഷാനിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു. ഓരോ അപകടം സംഭവിക്കുമ്പോഴും ബോർഡ് വിശദമായ അന്വേഷണം |

| | | | |
|---|---|---|---|
| | | | നടത്തി കാരണം കണ്ടെത്തുകയും ഭാവിയിൽ അത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എൻജിനീയർമാരും ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും മാസത്തിൽ ചുരുങ്ങിയത് 10 ഫീൽഡ് പരിശോധനകളെങ്കിലും നടത്തിയിരിക്കണമെന്നും ഇതിൽ വർക്ക് സൈറ്റുകളിൽ മിന്നൽ പരിശോധനയും വൈദ്യുത ലൈനുകൾ, പ്രതിഷ്ഠാപനങ്ങൾ എന്നിവയുടെ പരിശോധനയും സുരക്ഷാ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അറ്റകുറ്റ പണികൾ സമയബന്ധിതമായി നടത്തുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. സുരക്ഷാ മാന്വലിലും ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള സുരക്ഷ സംബന്ധിച്ചുള്ള സർക്കുലറുകളിലും ജോലി ചെയ്യുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. കാലാകാലങ്ങളിലുള്ള സുരക്ഷാ നിർദ്ദേശങ്ങൾ പാലിക്കാതെ ജോലിയിൽ ഏർപ്പെടുന്നവരും ശരിയായ മേൽനോട്ടം വഹിക്കാത്തവരുമായ ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |